**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2479** **12-10-2021 - ൽ മറുപടിയ്ക്ക്**

**100 ദിന കർമ്മപരിപാടിയുടെ ഭാഗമായി നിക്ഷേപം ആകർഷിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ വി കെ പ്രശാന്ത്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കിയ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി എം.എസ്.എം.ഇ. മേഖലയിലും വൻകിട വ്യവസായ മേഖലയിലും നിക്ഷേപം ആകർഷിക്കാൻ സാധ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | സാധ്യമായിട്ടുണ്ട്. |
| (ബി) | എം.എസ്.എം.ഇ. രംഗത്ത് പുതുതായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായെന്ന് അറിയിക്കാമോ; | (ബി) | സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ 3000 സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 3132 സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞതിലൂടെ 13514 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതുവരെയുള്ള കണക്കു പ്രകാരം ഈ മേഖലയിൽ 2021-22 സാമ്പത്തിക വർഷം 5181 MSME സംരംഭങ്ങൾ ആരംഭിക്കുകയും ഇതിലൂടെ 20689 തൊഴിലവസരങ്ങൾ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | കൊവിഡ് പ്രതിസന്ധി മറികടക്കാൻ എം.എസ്.എം.ഇ. മേഖലക്ക് നൽകിയ സഹായങ്ങൾ എന്തൊക്കെയാണ്; | (സി) | കോവിഡ് പ്രതിസന്ധിയിൽ സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ മേഖലയ്ക്ക് ഉണർവേകുവാൻ 2020-ൽ വ്യവസായ ഭദ്രത, 2021-ൽ കോവിഡ് സമാശ്വാസ പദ്ധതി എന്നീ പാക്കേജുകൾ സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. 2020-21 സാമ്പത്തിക വർഷം വ്യവസായ ഭദ്രതാ പദ്ധതിയിലൂടെ 153.8250 ലക്ഷം രൂപ പലിശ സബ്-സിഡിയായി 1061 വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചു നൽകി. നിലവിലെ കണക്കു പ്രകാരം 2021-22 സാമ്പത്തിക വർഷം 34.98 ലക്ഷം രൂപ 222 വ്യവസായ യൂണിറ്റുകൾക്കും ടി പദ്ധതിയിലൂടെ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രവർത്തന മൂലധനമായി 200 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വായ്പകൾ അനുവദിക്കുകയും പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വായ്പ തിരിച്ചടവിന് കൂടുതൽ സമയം അനുവദിച്ച് നൽകുകയും പിഴപ്പലിശ ഒഴിവാക്കി നൽകുകയും വായ്പയുടെ മുതൽ തിരിച്ചടവിന് 6 മാസത്തെ മൊറോട്ടോറിയം അനുവദിക്കുകയും ചെയ്തു. |
| (ഡി) | ടാറ്റ കൺസൾട്ടൻസി ഉൾപ്പെടെ ഏതെല്ലാം പ്രമുഖ കമ്പനികളാണ് സംസ്ഥാനത്ത് നിക്ഷേപ താൽപര്യം അറിയിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ? | (ഡി) | റ്റാറ്റ കൺസൾട്ടൻസി സർവീസസ്, റ്റാറ്റ എലക്സി, വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, സിന്തെറ്റ് ഗ്രൂപ്പ്, ആസ്റ്റോ ഗ്രൂപ്പ് മുതലായ പ്രമുഖ കമ്പനികളാണ് നിക്ഷേപ താത്പര്യം അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ